(ബി) ഇറിഗേഷൻ, ലാൻഡ് ഇംപ്രൂവുമെന്റ്, വളംവിതരണം, വിത്തുല്പാദനവും വിതരണവും, സ്ഥിതിവിവരകണക്കു ശേഖരണം മുതലായ കൃഷിവികസനപദ്ധതികൾക്കു്.

ശ്രീ. ഇട്ടീര അമ്മുക്കൻ: ഇക്കൊല്ലത്തേക്കു് ആകെ എത്ര രൂപയാണു് അനുവദിച്ചിട്ടുള്ളതെന്നു പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു്: അതിനു് ഒരു പ്രത്യേകചോദ്യം ഉണ്ടെന്നുതോന്നുന്നു. അതുവരുമ്പോൾ ഉത്തരം പറയാം.

ശ്രീ. ഇട്ടീര അമ്മുക്കൻ: അതിൽ ഒരു വലിയഭാഗം സംഖ്യ അനാവശ്യമായി ചിലവാക്കുന്നു എന്നുള്ളതു് വാസ്തവമാണോ?

Mr. Speaker: That is a matter of opinion.

പഞ്ചായത്തു ഡീലിമിറേഷൻ കമ്മിറ്റികൾ

*൭൪൦. (പ്രൻ) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പഞ്ചായത്തു ഡീലിമിറേഷൻ കമ്മിറ്റികൾ തൃശ്ശൂർ ഡിസ്ട്രിക്ടിൽ ഉണ്ടാകുമെന്നു് ബഹുമാനപ്പെട്ട മന്ത്രി നിയമസഭാമന്ദിരത്തിൽ ഒരു ചോദ്യത്തിനു മറുപടിയായി പ്രസ്താവിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസം എന്താണു്;

(സി) തൃശ്ശൂർ ഡിസ്ട്രിക്ടിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തു ഏതാണു്; അവിടെ എത്ര ജനസംഖ്യയുണ്ടു;

(ഡി) തൃശ്ശൂർ ഡിസ്ട്രിക്ടിൽ ഏറ്റവും ചുരുങ്ങിയ ജനസംഖ്യയുള്ള പഞ്ചായത്തു ഏതാണു്; അവിടത്തെ ജനസംഖ്യ എത്രയാണു് എന്നു പറയുവാൻ ദയവുണ്ടാകുമോ?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഇല്ല.

(ബി) തൃശ്ശൂർ ഡിസ്ട്രിക്ടിൽ മുനിസിപ്പൽ പ്രദേശങ്ങളൊഴികെ എല്ലാ സ്ഥലത്തും പഞ്ചായത്തുകൾ ഉള്ളതുകൊണ്ടു് അവിടെ ഡീലിമിറേഷൻ കമ്മിറ്റികൾ ആവശ്യമില്ല എന്ന കാരണത്താൽ ഡീലിമിറേഷൻ കമ്മിറ്റികൾ വേണ്ടെന്നുവച്ചു.

(സി) പള്ളുരുത്തി പഞ്ചായത്തു്. ജനസംഖ്യ ൫൦,൦൩൫.

(ഡി) വടവുകോട്ട പഞ്ചായത്തു്. ,, ൯൫൪.

ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: ഇത്രയും അധികം വ്യത്യാസം വരാനുള്ള കാരണമെന്താണു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു് ഒന്നു് അസ്സസ്സു് ചെയ്യാനുണ്ടു്. അതിന്റെ റിപ്പോർട്ട് വന്നിട്ടുണ്ടു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: തിരുവിതാംകൂറിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും ഡീലിമിറേഷൻ റിപ്പോർട്ടുകൾ വന്നിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: എല്ലായിടത്തുനിന്നും റിപ്പോർട്ടുകൾ വന്നിട്ടുണ്ടു്. അവ പരിശോധിച്ചുകൊണ്ടിരിക്കയാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: എല്ലാ സ്ഥലങ്ങളിലേയും ഡീലിമിറേഷൻ റിപ്പോർട്ട് ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ: മന്നരണ്ടു സ്ഥലങ്ങളിലേയ്ക്ക് പരസ്യംചെയ്യാനുണ്ട്. ബാക്കിയെല്ലാം പരസ്യം ചെയ്തിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഡിലിമിറേഷൻ റിപ്പോർട്ടുകളെപ്പറ്റി ആക്ഷേപങ്ങൾ വന്നിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: വന്നിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ ആക്ഷേപങ്ങളെപ്പറ്റി എന്തുചെയ്യാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ആക്ഷേപങ്ങളെപ്പറ്റി പരിഗണിക്കുന്നതാണ്.

മദ്യവർജ്ജനം

* ൭൪൧. (൨൦) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാനത്തിൽ മദ്യവർജ്ജനം നടപ്പാക്കിയ താലൂക്കുകൾ ഏതെല്ലാമാണ്;

(ബി) അപ്രകാരം മദ്യവർജ്ജനം നടപ്പാക്കിയ താലൂക്കുകളിൽ എത്ര കേസ്സുകൾ ചാർജ്ജുചെയ്തിട്ടുണ്ട്;

(സി) അപ്രകാരം ചാർജ്ജുചെയ്ത കേസ്സുകളിൽ മദ്യപിച്ചുകണ്ടതായ എത്ര കേസ്സുകൾ ചാർജ്ജുചെയ്തു;

(ഡി) ആ ചാർജ്ജിൽ ഐക്യസംസ്ഥാനരാജ്യക്കാരല്ലാത്ത എത്രപേർ ഉണ്ടായിരുന്നു;

(ഇ) ഈ ഐക്യസംസ്ഥാനത്തിലെ സർക്കാർ ജീവനക്കാർ വല്ലവരും ആ ചാർജ്ജിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അവരുടെ പേരുവിവരങ്ങൾ പറയുവാൻ ദയവുണ്ടാകുമോ;

(ജി) അങ്ങനെ ചാർജ്ജുചെയ്യുവർ ഇപ്പോഴും സർവ്വീസിൽ ഉണ്ടോ?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോട്, നെയ്യാറ്റിൻകര, തിരുവനന്തപുരം, നെടുമങ്ങാട്, ചിറയിൻകീഴ്, ചെങ്കോട്ട, തലപ്പിള്ളി.

(ബി) ൧൭—ൽ— ൽ ൫൦-വരെ വ്യൽവ കേസ്സുകൾ ചാർജ്ജുചെയ്തിട്ടുണ്ട്.

(സി) ൩ ൽ.

(ഡി) ൧൧൧.

(ഇ) ഉണ്ട്.

(എഫ്) പൂർണ്ണവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് മേശമേൽ വച്ചിട്ടുണ്ട്.

(ജി) ലിസ്റ്റിലെ വ്യാംനമ്പർ ഒഴിച്ച് ബാക്കിയെല്ലാം ഉണ്ട്.

ശ്രീ. മാന്നാർ ഗോപാലൻ നായർ: ചാർജ്ജുചെയ്ത കേസ്സുകൾ ഏതെങ്കിലും ഗവണ്മെന്റിൽനിന്നും പിൻവലിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഉണ്ട്.

ശ്രീ. മാന്നാർ ഗോപാലൻ നായർ: അതുടെയെല്ലാം കേസ്സുകളാണ് പിൻവലിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly